സ്ഥലമുടമസ്ഥനിൽ നിന്നുള്ള സമ്മതപത്രം എന്നിവ കൂടി സമർപ്പിച്ചാൽ കാലതാമസം കൂടാതെ വകുപ്പിൽ നിന്ന് അനുമതി നൽകിവരുന്നുണ്ട്. റവന്യൂ പുറംപോക്കിൽ നിന്നാണ് ഖനനം നടത്തേണ്ടതെങ്കിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി-യും ഹാജരാക്കണം. അനധികൃത ഖനനത്തിനെതിരെ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. ക്വാറികളെ വൻകിട-ഇടത്തരം-ചെറുകിട എന്ന് തരംതിരിച്ചല്ല ഫീസ് ഈടാക്കുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന കരിങ്കല്ലിന്റെ അളവ് കണക്കാക്കി ടണ്ണിന് 16 രൂപയോ ക്യൂബിക് മീറ്ററിന് 40 രൂപയോ ആണ് റോയൽറ്റി ഈടാക്കുന്നത്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്ന് ലഭിക്കുന്ന ക്വാറിയിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷകർ എക്സ്പ്ലോസീവ് ലൈസൻസ് സമ്പാദിക്കുന്നത്. എക്സ്പ്ലോസീവ് ലൈസൻസ് നൽകാൻ ഇന്ന് കേരളത്തിൽ സംവിധാനം ഇല്ല. അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആഭ്യന്തര വകുപ്പിനോട് ഞങ്ങൾ ആവശ്യപ്പെടുന്നതാണ്. ക്വാറിയിംഗ് നിയമങ്ങൾ പരിഷ്ക്കരിക്കുന്നതും, ക്വാറിയിംഗ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിനുവേണ്ടി ഈ മാസം 27-ാം തീയതി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാൻ ഡി.എം.ജി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ വികസന രംഗത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. നാട്ടിൻപുറങ്ങളിലെല്ലാം പ്രശ്നങ്ങളുണ്ട്. ഇപ്പോൾ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരുപാട് പ്രശ്നങ്ങളുണ്ട്. കരിങ്കൽ വ്യവസായത്തിലെ പ്രതിസന്ധികൾ പരിഗണിച്ച് ഇത് സംബന്ധിച്ച് പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ ഗവൺമെന്റിന്റെ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഉടമകളുടെ പ്രതിനിധികളും കൂടിചേർന്നുകൊണ്ടുള്ള ഒരു കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അതിന്റെ പ്രാരംഭമായിട്ടാണ് 27-ാം തീയതി യോഗം ചേരുന്നത്. യോഗത്തിൽ ബന്ധപ്പെട്ട എല്ലാപേരെയും വിളിച്ചിട്ടുണ്ട്. ആ യോഗത്തിന്റെ നിർദ്ദേശം പരിഗണിച്ചുകൊണ്ട് ഇത്തരത്തിലുള്ള ഒരു കമ്മീഷനെ നിയമിക്കാവുന്നതാണ്. ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) ദളിത് ക്രൈസ്തവർക്ക് പ്രത്യേക സംവരണം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ജെ. ജോയി: കേരളത്തിലെ ജനസംഖ്യയുടെ 8 ശതമാനത്തോളം വരുന്ന ദളിത് ക്രൈസ്തവരുടെ വിവിധ പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഈ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കുന്നത്. അവരുടേതല്ലാത്ത കുറ്റംകൊണ്ട് അവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു അനുഭവമാണ് ഉള്ളത്. നമുക്കറിയാം, പുരാതന കാലത്ത് തൊഴിൽപരമായി നാല് വിഭാഗങ്ങൾ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ. അതിൽ ശൂദ്ര വിഭാഗം ശുദ്ധരും അശുദ്ധരുമെന്ന് വിഭജിക്കപ്പെട്ടു. അശുദ്ധ വിഭാഗം ആ കാലഘട്ടത്തിൽ അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ടായി. ആ വിഭാഗം അന്നത്തെ കാലഘട്ടത്തിൽ വളരെയധികം അവശത അനുഭവിക്കുന്ന സന്ദർഭത്തിൽ ക്രിസ്ത്യൻ മിഷണറിമാർ വന്ന് അവർക്ക് സംരക്ഷണം നൽകിയതിന്റെ ഫലമായി ആദിമകാലത്ത് അവർ ക്രൈസ്തവരായിപ്പോയി. ക്രൈസ്തവരായ ഒറ്റ കാരണംകൊണ്ട് പിന്നീട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നിഷേധിച്ച് അവർക്ക് സംവരണ ആനുകൂല്യം ഇല്ലാതായി. 1935-ൽ അന്ന് ബ്രിട്ടീഷ് കൗൺസിലിനായിരുന്നു ആനുകൂല്യം കണക്കാക്കുന്നതിനുള്ള അധികാരം ഉണ്ടായിരുന്നുത്. അന്ന് മുതൽ അവരെ അവഗണിക്കപ്പെടുന്ന സ്ഥിതി ആയിരുന്നു. 1950-ൽ ഒരു പ്രസിഡൻഷ്യൽ ഓർഡറോടുകൂടിയാണ് ക്രൈസ്തവ വിഭാഗത്തിന് തീർത്തും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടത്. അന്നു തുടങ്ങി വിവിധ ഗവൺമെന്റുകളുടെ പക്കലും കേന്ദ്ര ഗവൺമെന്റിലും ഈ ദളിത് വിഭാഗം സംഘടനയുണ്ടാക്കി ശക്തമായ സമ്മർദ്ദങ്ങൾ ചെലുത്തിയിട്ടും ഇതുവരെ ഈ വിഭാഗത്തിന് സംവരണ ആനുകൂല്യം സംബന്ധിച്ച് തീരുമാനമുണ്ടായിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈന്ദവ സെക്ഷനുകളുടെ എതിർപ്പുമൂലമാണ് അവർക്ക് ആനുകൂല്യം കൊടുക്കാൻ കഴിയാത്തത് എന്നാണ് പലപ്പോഴും മറുപടി കിട്ടിയത്. ഈ മതേതര രാജ്യത്ത്, ഇൻഡ്യൻ ഭരണഘടനയിൽ, മതേതരത്വം മുറുകെപിടിക്കുന്ന ഈ കാലഘട്ടത്തിൽ ആദികാലത്ത് അവരുടേതല്ലാത്ത കുറ്റംകൊണ്ട് ക്രൈസ്തവരായതിന്റെ പേരിൽ ജാതി തിരിവ് കാണിക്കുന്നത് ഭരണഘടനാപരമായ ലംഘനമാണ്. ആ നിലയിൽ അവർക്ക് നിഷേധിക്കപ്പെട്ട നീതി വൈകിയാണെങ്കിലും ലഭിക്കാനുള്ള അവസരം ഉണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ കേസ് നിലവിലുണ്ട്. ഭരണഘടനാപരമായ ആവശ്യം മുൻനിർത്തി ഉള്ള കേസ്സാണ്. ആ കേസ്സിൽ, കേന്ദ്ര ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുടെ അഭിപ്രായം ചോദിച്ചു. ആന്ധ്രാപ്രദേശും കർണ്ണാടകയും തമിഴ്നാടും ഇതുമായി ബന്ധപ്പെട്ട് അനുകൂല റിപ്പോർട്ട് നൽകിയിട്ടുണ്ട്. ദക്ഷിണ ഇൻഡ്യയിൽ കേരളം മാത്രം അങ്ങനെ റിപ്പോർട്ട് നൽകിയിട്ടില്ല. അടിയന്തിരമായി കേരളാ ഗവൺമെന്റ് റിപ്പോർട്ട് നൽകാനും സുപ്രീംകോടതിയിൽ നിന്ന് സംവരണ കാര്യത്തിൽ അനുകൂല തീരുമാനമെടുക്കാനും സാഹചര്യം ഉണ്ടാക്കണം. അതുപോലെ ഇവരുടെ ഉന്നമനത്തിനുവേണ്ടി അവശ ക്രൈസ്തവ കോർപ്പറേഷൻ സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ആ കോർപ്പറേഷനിൽ വിവിധ ആനുകൂല്യങ്ങൾ നൽകാൻ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ല. കൂടുതൽ സാമ്പത്തികം നൽകിക്കൊണ്ട് കൂടുതൽ ആനുകൂല്യങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. അതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയും. ഇന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഇവർക്കും നൽകാനുള്ള തീരുമാനമുണ്ടാകണം. പല പഞ്ചായത്തുകളും ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ആനുകൂല്യം കൊടുക്കുന്നുണ്ട്. കേരളത്തിൽ എല്ലാ ത്രിതല പഞ്ചായത്തുകളിലും ദളിത് ക്രൈസ്തവർക്കുകൂടി ഈ ആനുകൂല്യം ബാധകമാക്കാനുള്ള തീരുമാനമുണ്ടാകണം. അവർക്ക് സംവരണ കാര്യത്തിലും പഞ്ചായത്ത് ആനുകൂല്യം കൊടുക്കുന്ന കാര്യത്തിലും സീറ്റ് റിസർവേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

ലെജിസ്ലേഷൻ നടത്താവുന്നതാണ്. ആക്ട് ആന്റ് റൂൾസ് അനുസരിച്ചും കേന്ദ്ര നിയമം അനുസരിച്ചും സംസ്ഥാന ഗവൺമെന്റിന് ലെജിസ്ലേഷൻ നടത്താൻ സാധിക്കും. സംസ്ഥാന ഗവൺമെന്റ് അത്തരം നടപടികൾ സ്വീകരിച്ചുകൊണ്ട് കേരളത്തിന്റെ ജനസംഖ്യയുടെ 8 ശതമാനത്തോളം വരുന്ന ഈ വിഭാഗത്തിന് ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഇപ്പോൾ ക്രൈസ്തവർ ഉദ്യോഗ നിയമനങ്ങൾക്ക് മറ്റ് പിന്നോക്ക സമുദായങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുന്നത്. എന്നാൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ നേരിട്ടുള്ള നിയമനത്തിന് ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാർക്ക് 2 ശതമാനം സംവരണമുണ്ട്. ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ഒഴികെ മറ്റ് തസ്തികകൾക്ക് ഒരു ശതമാനം സംവരണമുണ്ട്. സംവരണം സംബന്ധിച്ച് പ്രമേയത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ നടപ്പിലാക്കാൻ നിലവിലുള്ള സംവരണ ഘടനയിൽ മാറ്റം വരുത്തേണ്ടിവരും. വിവിധ വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന സംവരണ ഘടനയിൽ സന്തുലിതാവസ്ഥ നഷ്ടമാകും എന്നുള്ളതുകൊണ്ടും ഇത് ധാരാളം സാമുദായികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകും എന്നുള്ളതുകൊണ്ടും നിലവിലുള്ള സംവരണ ഘടനയിൽ മാറ്റം വരുത്തുക എളുപ്പമല്ല. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി ദളിത് ക്രൈസ്തവർ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതിൻപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അർഹതയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. പട്ടികജാതിയിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്കും മറ്റ് ശുപാർശിത വിഭാഗക്കാർക്കുംവേണ്ടി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ധനസഹായത്തോടെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗം വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി കൃഷി ഭൂമി വായ്പ, ഭവന നിർമ്മാണ വായ്പ, ഭവന പുനരുദ്ധാരണ വായ്പ, വിദേശ തൊഴിൽ വായ്പ, വിവാഹ ധനസഹായ പദ്ധതി, വിദ്യാഭ്യാസ പ്രോത്സാഹന സമ്മാന വിതരണം എന്നീ പദ്ധതികളും വിവിധ സ്വയം തൊഴിൽ വായ്പാ പദ്ധതികളും വിദ്യാഭ്യാസ വായ്പാ പദ്ധതിയും നടപ്പിലാക്കിവരുന്നു. ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത്-നഗരസഭ മുതലായവയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമേ പ്രത്യേകമായി പദ്ധതി വിഹിതം വകകൊള്ളിക്കുന്നതിന് വ്യവസ്ഥയുള്ളൂ. മറ്റൊരു സാമൂഹ്യ വിഭാഗത്തിനും പ്രത്യേകമായി വകകൊള്ളിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ദളിത് ക്രൈസ്തവർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒഴിച്ചുള്ള പൊതുവിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. അതിനാൽ ഈ ആവശ്യം അത്ര എളുപ്പത്തിൽ അംഗീകരിക്കാൻ പ്രയാസമുണ്ട്. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള അധികാരം ഉണ്ടെങ്കിൽ അത് നൽകുന്നതിൽ ഗവൺമെന്റിന് വിരോധമില്ല. ഇതാണ് ഇന്നത്തെ അവസ്ഥ. അവരോട് അനുഭാവം ഇല്ലാത്തതുകൊണ്ടല്ല. ഭരണഘടനാപരമായ പ്രതിബന്ധങ്ങൾ ഉള്ളതുകൊണ്ടുള്ള ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ ചോദിച്ചത് ചില ഗ്രാമ പഞ്ചായത്തുകൾ അവർക്കുവേണ്ടി പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആ മാതൃക കേരളത്തിൽ വ്യാപകമായി ഏർപ്പെടുത്തുന്നതിനായി റൂൾസിൽ അതിനനുസൃതമായി മാറ്റം വരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ എന്നാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: എണ്ണത്തിൽ വളരെ കൂടുതലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഷെയർ ചെയ്യുന്നതിനും മറ്റ് വിഭാഗക്കാരെ ഇതിൽ കൊണ്ടുവരുന്നതിനും എതിർപ്പും പ്രതിഷേധവും ഉണ്ട്. അങ്ങനെയൊരു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് പഞ്ചായത്തിന് അധികാരമുണ്ടെങ്കിൽ അവർ ചെയ്തോട്ടെ ഗവൺമെന്റിന് വിരോധമില്ലെന്ന് ഞാൻ പറഞ്ഞത്.

IV. സബ്മിഷൻ

(1) വൃക്ക തട്ടിപ്പ്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അടൂർ പാറക്കോട് അറുകാലിൽ കൃഷ്ണൻകുട്ടി നായർ സിംഗപ്പൂരിൽ മരണമടഞ്ഞു. അദ്ദേഹം ബോംബെയിലെ ലാൽ ഓട്ടോ ഹയേഴ്സ് കമ്പനിയുടെ ഡ്രൈവർ ആയിരുന്നു. കൃഷ്ണൻകുട്ടി നായർ വൃക്ക തട്ടിപ്പിന് വിധേയനായി മരണപ്പെട്ടു എന്നാണ് അറിയാൻ കഴിഞ്ഞത്. വൃക്ക തട്ടിപ്പ് നടത്തിയ കൊലപാതകികളെ എങ്ങനെയെങ്കിലും കേസ്സിൽനിന്ന് രക്ഷപ്പെടുത്താൻവേണ്ടി അടൂരിൽ കൃഷ്ണൻകുട്ടി നായരുടെ വീടുമായും ബന്ധുക്കളുമായും ബന്ധപ്പെട്ട് ഡെഡ് ബോഡി സ്ഥലത്ത് കൊണ്ടുവരാതെ ഒതുക്കിത്തീർക്കുന്നതിനുവേണ്ടി വിലപേശി എന്നും 30 ലക്ഷം രൂപ അദ്ദേഹത്തിന്റെ സഹധർമ്മിണിക്ക് പ്രോമിസ് ചെയ്തു എന്നും അങ്ങനെ വൃക്ക കൊലപാതകികളെ ന്യായമായും കേസ്സിൽ പ്രതികളാക്കാൻ ബോംബെയിലെ പോലീസ് ഇവിടത്തെ പോലീസിന് കർശന നിർദ്ദേശം കൊടുത്തിരിക്കുന്നു എന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ അതിനെയെല്ലാം വെട്ടിച്ച് ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലാണ് ഒത്തുതീർപ്പ് ഉണ്ടാക്കി വൃക്ക തട്ടിപ്പുകാരെ രക്ഷപ്പെടുത്തി വിട്ടതെന്നും പത്രവാർത്ത കാണുന്നു. പത്രത്തിൽ വന്ന വാർത്ത ശരിയാണോയെന്ന് എനിക്ക് സംശയമുണ്ട്. നമ്മുടെ ഇറിഗേഷൻ മന്ത്രിയെ സംബന്ധിച്ചാണ് മാധ്യമത്തിലും ദേശാഭിമാനിയിലും വാർത്ത കണ്ടത്. വൃക്ക തട്ടിപ്പിന് ഇരയായ ആൾ മരിച്ചു. കേസ്സിൽ മന്ത്രി ഇടപെട്ടു എന്നാണ് പറയുന്നത്. എന്താണ് യഥാർത്ഥ വസ്തുത? പാവപ്പെട്ട കൃഷ്ണൻകുട്ടി നായരെ സൂത്രത്തിൽ വലയിൽ കുടുക്കിയതാണ്. അയാളുടെ വൃക്ക ഏതോ രാജകുടുംബത്തിലെ അംഗത്തിനുവേണ്ടി വൻതുക വാങ്ങിക്കൊണ്ട് വൃക്ക തട്ടിപ്പുകാർ വിലപേശി വാങ്ങി എന്നും, കേസ്സിൽ പ്രതികളാക്കാതിരിക്കാൻവേണ്ടി ഗൂഢാലോചന നടത്തുകയും പോലീസുമായി ബന്ധപ്പെട്ട് കേസ് ഒതുക്കിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുന്നതുമായിട്ടാണ് അറിയുന്നത്. കൃഷ്ണൻകുട്ടി നായരുടെ സഹോദരി മുഖ്യമന്ത്രിക്ക് കൊടുത്ത പരാതിപോലെതന്നെ പ്രതിപക്ഷ നേതാവിനും ഒരു പരാതി നൽകുകയാണ് എന്നുപറഞ്ഞുകൊണ്ട് .ഇന്നലെ എന്റെ ആഫീസിൽ

LIBRARY ARCHIVES Kerala Legislative Assembly